# കല്ലാച്ചി റിൻസി ജ്വല്ലറി കവർച്ചാകേസിൽ ദക്ഷിണേന്ത്യൻ കവർച്ചാസംഘം പിടിയിൽ

നാദാപുരം: കല്ലാച്ചി റിൻസി ജ്വല്ലറി കവർച്ചാകേസിൽ ദക്ഷിണേന്ത്യൻ കവർച്ചാസംഘം പിടിയിലായി. തമിഴ്നാട് കള്ളക്കുറിച്ചി സ്വദേശി രാജ, ചെന്നൈ ആവഡി സ്വദേശി, അഞ്ചാംപുലി, മധുരൈ സ്വദേശി സൂര്യ എന്നിവരാണ് നാദാപുരം പോലീസിൻറെ പിടിയിലായത്. ആറു പേരടങ്ങുന്ന സംഘമാണ് കൃത്യം നടത്തിയത്. മോഷണത്തിനു ശേഷം യാതൊരു തെളിവും അവശേഷിപ്പിക്കാതെ കടന്നുകളഞ്ഞ സംഘത്തെ ലഭ്യമായ തെളിവുകളുടെ തുമ്പുപിടിച്ച് നടത്തിയ അഞ്ച് ആഴ്ച നീണ്ട അന്വേഷണത്തിനൊടുവിൽ കുറ്റിപ്പുറം റെയിൽവെ സ്റ്റേഷന് സമീപത്തുനിന്ന് 10/01/2019 ന് രാത്രി പോലീസ് തന്ത്രപരമായി വലയിലാക്കുകയായിരുന്നു. തമിഴ്നാട്, കർണാടക എന്നിവിടങ്ങളിൽ പോലീസ് അന്വേഷണം നടത്തുന്ന വിവരമറിഞ്ഞ് പ്രതികളിൽ മൂന്നുപേര് വളാഞ്ചേരിയിലേക്ക് പുറപ്പെടവെയാണ് അറസ്റ്റ്.

റൂറൽ ജില്ലാ പോലീസ് മേധാവി ജി.ജയ്ദേവ് ഐ.പി.എസ്, നാദാപുരം ഡി.വൈ.എസ്.പി സുനിൽകുമാർ എന്നിവരുടെ നിർദേശത്തിൽ നാദാപുരം എസ്.ഐ എൻ.പ്രജീഷ്, അഡീഷണൽഎസ്.ഐ നിഖിൽ.എസ്, എ.എസ്.ഐശ്രീധരൻ.ഇ.സി.കെ, സീനിയർ സിവിൽ പോലീസ് ഓഫീസർ മജീദ്, രാജഗോപാൽ സിവിൽ പോലീസ് ഓഫീസർമാരായ അബ്ദുൾമജീദ്, സുധീഷ്, ലിനീഷ്, എസ്.പി യുടെ സ്പെഷ്യൽ സ്ക്വാഡ് അംഗങ്ങളായ എ.എസ്.ഐ സി.എച്ച്.ഗംഗാധരൻ, എ.എസ്.ഐ രാജീവൻ, എസ്.സി.പി.ഒ കെ.യൂസുഫ്, സി.പി.ഒ ഷാജി, എസ്.സി.പിഒ ബിനീഷ്(പയ്യോളി പി.എസ്), റൂറൽ സൈബർ സെല്ലിലെ എ.എസ്.ഐ സത്യൻ കാരയാട്, സി.പി.ഒമാരായ റിജീഷ്, ഷരീഷ് എന്നിവരാണ് അന്വേഷണ സംഘത്തിലുണ്ടായിരുന്നത്.





